REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-02-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയും തമ്മിൽ ഉഭയകക്ഷി ചർച്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.
- പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ.
- കൊച്ചുകേരളമെന്ന അപകർഷതാ ബോധത്തിന്റെ രീതിയല്ല, മഹത്തായ കേരളമെന്ന ആത്മവിശ്വാസത്തിന്റെ ശൈലിയാണ് വേണ്ടതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായ അന്തിമ വോട്ടർ പട്ടിക ഇന്നു പ്രസിദ്ധീകരിക്കും.
- ഇന്ന് ലോക മാതൃഭാഷാ ദിനം.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയും തമ്മിൽ ഉഭയകക്ഷി ചർച്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. ബഹുമുഖ വേദികളിലെ സഹകരണം, പരിഷ്കരിച്ച ബഹുമുഖത്വം, ആഗോള ഭരണം, എന്നിവയുൾപ്പെടെ പ്രാദേശിക, ആഗോള വിഷയങ്ങളിൽ ഇരു നേതാക്കളും കാഴ്ചപ്പാടുകൾ കൈമാറുമെന്ന് പ്രതീക്ഷിക്കുന്നു.

2006 മുതൽ ഇന്ത്യയും ബ്രസീലും തന്ത്രപരമായ പങ്കാളികളാണ്. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര

പങ്കാളിയാണ് ബ്രസീൽ. വ്യാപാരം, നിക്ഷേപം, പ്രതിരോധം, ഊർജ്ജം, കൃഷി, ആരോഗ്യം, ഉൾപ്പെടെ വിഷയങ്ങളിൽ ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ ഇരു നേതാക്കളും ചർച്ച നടത്തും.

✪✪✪

നേരത്തെ ബ്രസീൽ പ്രസിഡന്റിന് ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണം നൽകി.

വിദേശകാര്യ മന്ത്രി ഡോ. S . ജയ്ശങ്കർ രാവിലെ ന്യൂഡൽഹിയിൽ അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തി. തന്ത്രപരമായ പങ്കാളിത്തം മുന്നോട്ട് കൊണ്ടുപോകുന്നതിനായി സിൽവയുടെ മാർഗ്ഗനിർദ്ദേശത്തെ ഡോ. ജയ്ശങ്കർ സാമൂഹിക മാധ്യമത്തിൽ അഭിനന്ദിച്ചു.

✪✪✪

ഉത്തർപ്രദേശിലെ യമുന എക്സ്പ്രസ് വേ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് അതോറിറ്റിയിൽ HCL-ഫോക്സ്കോൺ സംയുക്ത സംരംഭ പദ്ധതിയുടെ തറക്കല്ലിടൽ ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വീഡിയോ കോൺഫറൻസിംഗിലൂടെ പങ്കെടുക്കും. ആഭ്യന്തര ഉൽപ്പാദന ശേഷി ശക്തിപ്പെടുത്തുന്നതോടൊപ്പം രാജ്യത്തിന്റെ സെമികണ്ടക്ടർ ആവാസവ്യവസ്ഥയ്ക്ക് കരുത്തു പകരുന്നതാണ് പദ്ധതി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ. പരിപാടിയുടെ 131-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉത്തർപ്രദേശിലെ മീററ്റ് സന്ദർശിക്കും. ശതാബ്ദി നഗർ നമോ ഭാരത് സ്റ്റേഷനിൽ മീററ്റ് മെട്രോയും നമോ ഭാരത് ട്രെയിനും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. മീററ്റ് സൗത്ത് സ്റ്റേഷൻ വരെ അദ്ദേഹം മെട്രോ യാത്ര നടത്തുകയും ചെയ്യും. സന്ദർശന വേളയിൽ, ഏകദേശം 12,930 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾ മോദി രാഷ്ട്രത്തിന് സമർപ്പിക്കും.

✪✪✪

രാജ്യത്ത് ടെറ്റനസ്, ഡിഫ്തീരിയ തുടങ്ങിയ ഗുരുതര രോഗങ്ങളിൽ നിന്ന് സംരക്ഷണം നൽകുന്നതിന് വാക്സിൻ ഇന്ന് പുറത്തിറക്കും. ഹിമാചൽ പ്രദേശിലെ കസൗലിയിലുള്ള സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ കേന്ദ്രമന്ത്രി ജെ.പി. നദ്ദയാണ് വാക്സിൻ പുറത്തിറക്കുക. രാജ്യത്തെ പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുകയും പ്രതിരോധ കുത്തിവെപ്പ് യജ്ഞങ്ങൾ കൂടുതൽ ഫലപ്രദമാക്കുകയും ലക്ഷ്യമിട്ടാണ് ടെറ്റനസ് ആൻഡ് ഡിഫ്തീരിയ വാക്സിൻ അവതരിപ്പിച്ചത്.

✪✪✪

ഇന്ന് ഗുവാഹത്തിയിൽ നടക്കുന്ന CRPF ന്റെ 87-ാമത് റൈസിംഗ് ഡേ പരേഡിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ മുഖ്യാതിഥിയായി പങ്കെടുക്കും. തുടർന്ന് കച്ചുത്തോളിയിൽ പത്താം അസം പോലീസ് ബറ്റാലിയന്റെ പുതിയ കാമ്പസിന്റെ ശിലാസ്ഥാപനം അദ്ദേഹം നിർവഹിക്കും.

ഇതാദ്യമായാണ് CRPF ന്റെ വാർഷിക റൈസിംഗ് ഡേ പരേഡ് അസമിലും വടക്കുകിഴക്കൻ മേഖലയിലുമായി സംഘടിപ്പിക്കുന്നത്.

✪✪✪

കൊച്ചുകേരളമെന്ന അപകർഷതാ ബോധത്തിന്റെ രീതി വേണ്ടെന്നും, മഹത്തായ കേരളമെന്ന ആത്മവിശ്വാസത്തിന്റെ ശൈലിയാണ് വേണ്ടതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആരുടെയും കനിവിന് കാത്തുനിൽക്കാതെ സ്വന്തം കരുത്തിൽ മുന്നേറാണ് നാം ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. AKG പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച അഞ്ചാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് AKG ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

പഠന കോൺഗ്രസിന്റെ ഭാഗമായി വിവിധ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി നാലു സിമ്പോസിയങ്ങളും 44 അനുബന്ധ സെഷനുകളും നടക്കും. കേരളത്തിന്റെ വികസന മാതൃക, ശാസ്ത്ര-സാങ്കേതിക നയം, മതേതര സംസ്കാരം, പതിനാറാം ധനകാര്യ കമ്മീഷൻ അവാർഡ് തുടങ്ങിയ വിഷയങ്ങൾ വിവിധ സിമ്പോസിയങ്ങളിൽ ചർച്ചചെയ്യും.

✪✪✪

തദ്ദേശ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട് കഴിഞ്ഞാൽ ജനപ്രതിനിധികൾക്ക് രാഷ്ട്രീയമില്ലെന്നും എല്ലാ ആളുകൾക്കും

വേണ്ടിയാണ് അവർ പ്രവ ർത്തിക്കേണ്ടതെന്നും കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. തിരുവനന്തപുരം നഗരസഭ വികസന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്ര സഹ മന്ത്രി .

കേന്ദ്ര ബജറ്റിലെ ബയോ ഫാർമ പദ്ധതി, മൂന്ന് ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടുകൾ, നഗര വികസനത്തിനുള്ള 5000 കോടിയുടെ പദ്ധതി എന്നിവയെല്ലാം കേരളത്തിൽ കൊണ്ടുവരാൻ സംസ്ഥാന ഗവണ്മെന്റ് മുൻകൈ എടുക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

✪✪✪

ദീർഘകാല സൈബർ സുരക്ഷ ഉറപ്പാക്കുന്നതിന് പൗര വിദ്യാഭ്യാസം അത്യാവശ്യ ഘടകമായി പരിഗണിക്കേണ്ടതുണ്ടെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സൂര്യകാന്ത് പറഞ്ഞു. ജയ്പൂരിലെ രാജസ്ഥാൻ ഇന്റർനാഷണൽ സെന്ററിൽ "സൈബർ സുരക്ഷ - അവബോധം, സംരക്ഷണം, നീതിയിലേക്കുള്ള സമഗ്രമായ പ്രവേശനം" എന്ന വിഷയത്തിൽ മൂന്ന് ദിവസത്തെ ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായ അന്തിമ വോട്ടർ പട്ടിക ഇന്നു പ്രസിദ്ധീകരിക്കും.

ഡിസംബർ 23-നു പ്രസിദ്ധീകരിച്ച കരടു വോട്ടർ പട്ടികയെ കുറിച്ച് എതിർപ്പുകളും അകവാശവാദങ്ങളും പരിഗണിച്ച ശേഷമാണ് ഇന്ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്നത്. 2,69,53,644 വോട്ടർമാരാണ് സംസ്ഥാനത്തെ അന്തിമ വോട്ടർ പട്ടികയിൽ ഉള്ളത്. ആകെ 36,88,948 പേർക്കായിരുന്നു നോട്ടീസ് നൽകി ഹിയറിങ് നടത്തിയത്. കരടു വോട്ടർ പട്ടികയിലെ 53,229 പേരെ വിവിധ കാരണങ്ങളാൽ ഒഴിവാക്കിയിട്ടുണ്ട്.

ഇന്നു പ്രസിദ്ധീകരിക്കുന്ന വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ അവസാന ദിവസം വരെ പേരു ചേർക്കുന്നതിന് അപേക്ഷ സമർപ്പിക്കാൻ അവസരം ലഭിക്കും.

✪✪✪

മുൻ ഗോവ ഗവർണർ PS ശ്രീധരൻ പിള്ള രചിച്ച "ശബരിമല സമരവും സുവർണ്ണാവസര വിധിയും", " വൃക്ഷ വൈജ്ഞാനികം " എന്നീ പുസ്തകങ്ങൾ തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിൽ കേന്ദ്ര സഹ മന്ത്രി ജോർജ് കുര്യൻ പ്രകാശനം ചെയ്തു. എഴുത്തുകാരൻ പായിപ്ര

രാധാകൃഷ്ണൻ, മുൻ കേന്ദ്ര സഹമന്ത്രി O രാജഗോപാലിനു പുസ്തകം കൈമാറി.

✪✪✪

ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ ശസ്ത്രക്രിയക്ക് വിധേയായ വീട്ടമ്മയുടെ വയറ്റിൽ കത്രിക കണ്ടെത്തിയ സംഭവത്തിൽ അന്വേഷണവും നടപടിയും തുടങ്ങി . സംഭവുമായി ബന്ധപ്പെട്ട് ഒരു ഡോക്ടറേയും ഒരു നേഴ്സിനെയും ആരോഗ്യ വകുപ്പ് സസ്പെന്റ് ചെയ്തു.

അന്നത്തെ ശസ്ത്രക്രയക്ക് നേതൃത്വം നൽകിയ ഗൈനക്കോളജി വിഭാഗം അസോസിയേറ്റ് പ്രെഫസർ ഡോ.ജെ.ഷാഹിദ, നഴ്സ് ധന്യ എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്. മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗം മുൻ മേധാവി ഡോ.ലളിതാംബികയ്ക്കെതിരെ കേസെടുത്തു. ജീവന് ഭീഷണിയാകുംവിധം അശ്രദ്ധയോടെ പ്രവർത്തിച്ചുവെന്നതിന്റെ പേരിലാണ് കേസ്.

✪✪✪

വണ്ടാനം മെഡിക്കൽ കോളജിൽ ശസ്ത്രക്രിയയ്ക്കിടെ വയറ്റിൽ കത്രിക കുടുങ്ങിയ സംഭവത്തിൽ മന്ത്രി വീണാ ജോർജിന്റെ തൈക്കാട്ടെ ഔദ്യോഗിക വസതിയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധിച്ചു. ഗേറ്റ് തള്ളി തുറന്നെത്തിയ പ്രവർത്തകർ മന്ത്രിയുടെ വസതിക്ക് മുന്നിൽ റീത്ത് വെച്ച് പ്രതിഷേധിച്ചു. സംഭവസമയത്ത് മന്ത്രി വസതിയിലുണ്ടായിരുന്നില്ല.

✪✪✪

തന്റെ ഔദ്യോഗിക വസതിക്ക് നേരെ യൂത്ത് കോൺഗ്രസ് നടത്തിയ അതിക്രമം പ്രതിപക്ഷ നേതാവ് വി.ഡി. സതീശന്റെ നിർദ്ദേശപ്രകാരമാണെന്ന് മന്ത്രി വീണാ ജോർജ് ആരോപിച്ചു. ചികിത്സാ പിഴവിൽ ഗവൺമെന്റ് ഉത്തരവാദിത്തത്തോടെ നടപടി കൈക്കൊള്ളുമെന്നും, ആരെയും സംരക്ഷിക്കാൻ ശ്രമിച്ചിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

ഇന്ന് ലോക മാതൃഭാഷാ ദിനം. ഭാഷാപരവും സാംസ്കാരികവുമായ വൈവിധ്യത്തെ പ്രോത്സാഹിപ്പിക്കുന്ന തിനായാണ് ഫെബ്രുവരി 21 ന് ദിനാചരണം സംഘടിപ്പിക്കുന്നത്."ബഹുഭാഷാ വിദ്യാഭ്യാസത്തിലെ യുവ ശബ്ദങ്ങൾ" എന്നതാണ് ഈ വർഷത്തെ പ്രമേയം.

മാതൃഭാഷയിൽ ആശയവിനിമയം നടത്തുകയും കുട്ടികളെ പഠിപ്പിക്കുകയും ചെയ്യണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ആഹ്വാനം ചെയ്തു.

✪✪✪

മഹാകവി കുഞ്ചൻ നമ്പ്യാർ ജനിച്ച പാലക്കാട് ലക്കിടി കലക്കത്ത് ഭവനത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. K.പ്രേംകുമാർMLA കുഞ്ചൻ നമ്പ്യാർ സ്മാരക കെട്ടിടത്തിന്റെ പ്രവൃത്തി ഉദ്ഘാടനം നിർവഹിച്ചു.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്.

........(വോയ്സ് )..............

✪✪✪

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കാഴ്ച പരിമിതി ഉള്ളവർക്ക് ബ്രെയിലി സാക്ഷരതയും ഡിജിറ്റൽ സാക്ഷരതയും നൽകുന്നതിന്റെ ഭാഗമായി പഠിതാക്കൾക്കും ഇൻസ്ട്രക്ടർമാർക്കും ഓറിയന്റേഷൻ ക്ലാസ് തുടങ്ങി. സാമൂഹ്യനീതി വകുപ്പ്, ജില്ലാ സാക്ഷരതാ മിഷൻ,ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് കണ്ണൂർ ജില്ലാ കമ്മിറ്റി എന്നിവ ചേർന്നാണ് ക്ലാസ് സംഘടിപ്പിച്ചത്.

✪✪✪

മത്സ്യബന്ധന വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന 'തൊഴിൽതീരം' പദ്ധതിയുടെ ഭാഗമായി കോഴിക്കോട് വെസ്റ്റ്ഹിൽ ഗവ. എഞ്ചിനീയറിങ് കോളേജ് ക്യാമ്പസിൽ തൊഴിൽമേള തുടങ്ങി. മന്ത്രി സജി ചെറിയാൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വൈദഗ്ധ്യ പരിശീലനവും സ്ഥിരതയുള്ള തൊഴിലും ഉറപ്പാക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന പ്രത്യേക പദ്ധതിയാണ് തൊഴിൽതീരം.

✪✪✪

മത്സ്യബന്ധന വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന 'തൊഴിൽതീരം' പദ്ധതിയുടെ ഭാഗമായി കോഴിക്കോട് വെസ്റ്റ്ഹിൽ ഗവ. എഞ്ചിനീയറിങ്

കോളേജ് ക്യാമ്പസിൽ തൊഴിൽമേള തുടങ്ങി. മന്ത്രി സജി ചെറിയാൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വൈദഗ്ധ്യ പരിശീലനവും സ്ഥിരതയുള്ള തൊഴിലും ഉറപ്പാക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന പ്രത്യേക പദ്ധതിയാണ് തൊഴിൽതീരം.

✪✪✪

സുകുമാർ അഴിക്കോടിന്റെ സമരണാർത്ഥം അഴീക്കോട് സ്മാരക ട്രസ്റ്റ് എർപ്പെടുത്തിയ പുരസ്ക്കാരം ഡോ. MN കാരശ്ശേരിക്ക്. മലയാള വിമർശന സാഹിത്യത്തിനു നൽകിയ സംഭാവനകൾ പരിഗണിച്ചാണ് MN കാരശ്ശേരിക്ക് പുരസ്ക്കാരം നൽകുന്നതെന്ന് ട്രസ്റ്റ് ഭാരവാഹികൾ കോഴിക്കോട്ട് വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഫലകവും പ്രശസ്തി പത്രവുമടങ്ങുന്ന പുരസ്കാരം ഈ മാസം 24 ന് വൈകിട്ട് കോഴിക്കോട് ടൗൺഹാളിൽ നടക്കുന്ന ചടങ്ങിൽ സമ്മാനിക്കും.

✪✪✪

കഴിഞ്ഞ ദിവസം അന്തരിച്ച മുതിർന്ന മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ K.ഗോവിന്ദൻ കുട്ടിയുടെ സംസ്കാരം നാളെ ഉച്ച കഴിഞ്ഞ് തിരുവനന്തപുരം ശാന്തി കവാടത്തിൽ നടത്തും.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: മണികണ്ഠൻ*
*News Team: ഫസ്ന ഫാത്തിമ, ശ്രീജി പൂവത്തിങ്കൽ*
*DEO ഷീബ*